# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/1662/1990

തീയതി:29-06-2018

വിഷയം:-വ്യവസായം- അടിസ്ഥാന സൗകര്യ വികസനം - ഡി.പി പൂവൻതുരുത്ത് - മെ. പെരിഞ്ചേരിൽ റബ്ബേഴ്സ് - മാനേജ്മെന്റ് മാറ്റം - ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്)നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്)നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ ഉത്തരവ് നമ്പർ ബി1/1662/90/24 തീയതി 10-02-1993

6) ഈ ഓഫീസിലെ 20-12-94 ലെ ഉത്തരവ് നമ്പർ ബി1/1662/90/14

7) ഈ ഓഫീസിലെ 27-12-1999 ലെ ഉത്തരവ് നമ്പർ ബി1/1662/90/24

8) ശ്രീപി.കെ തോമസ്, പെരുഞ്ചേരിൽ, സമർപ്പിച്ച 30-01-15 ലെ അപേക്ഷ.

9) 17-03-2018 ൽ നടന്ന ജില്ലാ തല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ നടപടിക്രമം.

10) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ: 732/2017/വ്യവ. തീയതി 24-05-2017

11) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ. ഡി5/1127/2013-ാം നമ്പർ സർക്കുലർ.

ഈ ആഫീസിലെ സൂചന (5) - ൽ പരാമർശിക്കുന്ന ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ സർവ്വേ നമ്പർ 489/3 ൽ ഉൾപെട്ട 10 സെന്റ് സ്ഥലം ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം മെ. പെരിഞ്ചേരിൽ റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ശ്രീ. പി.കെ തോമസ്, പെരുഞ്ചേരിൽ, ഇരവിനല്ലൂർ പി.ഒ, പുതുപ്പള്ളി എന്ന സംരംഭകന് അനുവദിച്ചു നൽകിയിരുന്നു. തുടർന്ന് ഈ ആഫീസിലെ സൂചന (6) ലെ ഉത്തരവ് പ്രകാരം 6.9 സെന്റ് സ്ഥലം കൂടി സംരംഭത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി അനുവദിച്ചു നൽകി.

സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടന്നുവരവെ, സ്ഥാപനത്തിന്റെ മാനേജ്മെന്റ് ഉടമസ്ഥാവകാശത്തിൽ നിന്നും, പാർട്ട്ണർഷിപ്പിലേക്ക് മാറ്റണമെന്ന് ശ്രീ.പി.കെ തോമസ് പെരുഞ്ചേരിൽ അപേക്ഷിക്കുകയും, മകനായ ശ്രീ.കുര്യൻ പി തോമസിനെ ഉൾപ്പെടുത്തി 01-04-1998 ൽ എക്സിക്യൂട്ട് ചെയ്ത പാർട്ട്ണർഷിപ്പ് ഡീഡ് സമർപ്പിക്കുകയും ചെയ്തു. ആയതിൻ പ്രകാരം സൂചന (7) അനുസരിച്ച്

സ്ഥാപനത്തിന്റെ മാനേജ്മെന്റ് പാർട്ട്ണർഷിപ്പാക്കിയത് അംഗീകരിക്കുകയും പുതുക്കിയ ഹയർ പർച്ചേസ് എഗ്രിമെന്റ് സർക്കാരുമായി ഒപ്പിട്ടു സമർപ്പിക്കുകയും ചെയ്തു.

സൂചന (8) പ്രകാരം, ആരോഗ്യപരമായ കാരണങ്ങളാലും, പ്രായാധിക്യം മൂലവും, പാർട്ട്ണർഷിപ്പിൽ നിന്നും സ്ഥാപനത്തിന്റെ മാനേജ്മെന്റിൽ നിന്നും പിൻമാറുകയാണെന്നും പകരം നിലവിലുള്ള പാർട്ട്ണറും, ടി പി.കെ തോമസിന്റെ മകനുമായ കുര്യൻ പി തോമസിന്റെ മകൻ അവിനാഷ് കുര്യനെ പാർട്ട്ണറാക്കി 01-04-2012 ൽ ഉണ്ടാക്കിയ പുതുക്കിയ പാർട്ട്ണർഷിപ്പ് വ്യവസ്ഥകൾ അംഗീകരിച്ച്, ടി സംരംഭത്തിനായി അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള 16.9 സെന്റ് സ്ഥലം, റീ അലോട്ട് ചെയ്യണമെന്നും അപേക്ഷിച്ചിരിക്കുന്നു.

അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനത്തിന് ധനകാര്യ സ്ഥാപനത്തിലോ/മറ്റ് സർക്കാർ സ്ഥാപനങ്ങളിലോ യാതൊരു ബാദ്ധ്യതകളും നിലവിലില്ലായെന്നു ബോധ്യപ്പെടുകയും, ആയതുപ്രകാരമുള്ള സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ പാർട്ട്ണറായ ശ്രീ.അവിനാഷ് കുര്യൻ നിലവിലുള്ള ഭൂമി അലോട്ട്മെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊള്ളാമെന്നുള്ള അഫിഡാവിറ്റ്/അണ്ടർടേക്കിംഗ് എന്നിവയും സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയും അനുബന്ധരേഖകളും സൂചന (9) പ്രകാരം നടന്ന ജില്ലാതല ഭൂമി അലോട്ട്മെന്റ് കമ്മിറ്റി പരിശോധിക്കുകയും സ്ഥാപനത്തിന്റെ മാനേജ്മെന്റിൽ എന്ന മാറ്റങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറോട് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

സൂചന (11) പ്രകാരം ഡി.എ/ഡി.പികളിൽ അസൈൻമെന്റ് ലഭിക്കാത്ത ഭൂമിയുടെ കൈമാറ്റം/ മാനേജ്മെന്റ് മാറ്റം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

മെ. പെരിഞ്ചേരിൽ റബ്ബേഴ്സ് ഡി.പിയിലെ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരമുള്ള സ്ഥലവില 01-04-2018 ലെ നിരക്ക് പ്രകാരം അടച്ചു തീർത്തിട്ടുണ്ട്. കൂടാതെ 10 % തുക പ്രോസസിംഗ് ഫീസായും ( 35,556/- രൂപ) സർക്കാരിലേക്ക് അടച്ച് ചെല്ലാൻ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. പി.കെ തോമസിന്റെ പാർട്ട്ണർഷിപ്പിൽ നിന്നുമുള്ള പിൻമാറ്റം അംഗീകരിച്ചുകൊണ്ട് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, സർവ്വേ നമ്പർ 489/3 ൽ ഉൾപെട്ടതും ശ്രീ. പി.കെ തോമസ്, പെരുഞ്ചേരിൽ, ഇരവിനല്ലൂർ പി.ഒ, എന്ന വ്യക്തിയുടെ പേരിൽ റബ്ബർ മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി അനുവദിച്ചതുമായ 16.9 സെന്റ് സ്ഥലവും സ്ഥാപനവും, അതേ പേരിൽ തന്നെടിയാൻ മകൻ ശ്രീ.കുര്യൻ പി തോമസിന്റെയും , ശ്രീ.കുര്യൻ പി തോമസ് മകൻ

ശ്രീ അവിനാഷ് കുര്യന്റെയും പേരിലുള്ള പാർട്ട്ണർഷിപ്പ് സ്ഥാപനമായ മെ. പെരിഞ്ചേരിൽ റബ്ബേഴ്സിന്റെ പേരിൽ സൂചന (1) മുതൽ (4) വരെ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം ഹയർ പർച്ചേസ് നിയമാവലിയനുസരിച്ച് താഴെ പറയുന്ന വ്യവസ്ഥകളോടെ റീ- അലോട്ട് ചെയ്ത് ഉത്തരവാകുന്നു.

1) അടുത്ത 5 വർഷക്കാലത്തിനുള്ളിൽ സ്ഥാപനത്തിന്റെ കൈമാറ്റം / മാനേജ്മെന്റ് മാറ്റം / ആക്ടിവിറ്റിമാറ്റം എന്നിവക്കായി അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം പാർട്ട്ണർമാർ ഒപ്പിട്ട് നൽകേണ്ടതാണ്.
2) പുതുക്കിയ ഹയർ പർച്ചേസ് എഗ്രിമെന്റ് ഒപ്പിട്ട് ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ആഫീസിലെ ഭൂമി അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീ. പി.കെ തോമസ്, പെരുഞ്ചേരിൽ, ഇരവിനെല്ലൂർ പി.ഒ., പുതുപ്പള്ളി.
2) ശ്രീ. കുര്യൻ പി തോമസ്, പെരുഞ്ചേരിൽ, ഇരവിനെല്ലൂർ പി.ഒ., പുതുപ്പള്ളി.
3) ശ്രീ. അവിനാഷ് കുര്യൻ, പെരുഞ്ചേരിൽ, ഇരവിനെല്ലൂർ പി.ഒ., പുതുപ്പള്ളി.

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ, കോട്ടയം.
7) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 29-06-18